## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം :*298 — 10.7.15- ന് മറുപടി പറയേണ്ടത്.

| | ചോദ്യം<br>ശ്രീ. വർക്കല കഹാർ<br>,, കെ.അച്യുതൻ<br>,, ആർ.സെൽവരാജ് | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി |
|---|---|---|---|
| (എ) | നഗരസഭാ പ്രദേശങ്ങളിലെ ഗുരുതരമല്ലാത്ത അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2013 മാർച്ച് 31-ാം തീയതി വരെ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ 2014-ൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം, ടി ചട്ടങ്ങൾ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഉണ്ട്. 17.02.2014-ലെ 529-ാം നമ്പർ കേരള അസാധാരണ ഗസറ്റ് (SRO നമ്പർ 122/2014) ആയി ടി ചട്ടങ്ങളുടെ വിജ്ഞാപനം സർക്കാർ ആധികാരികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലായി 27.03.2015-ലെ 703-ാം നമ്പർ കേരളാ അസാധാരണ ഗസറ്റിൽ (SRO നമ്പർ 167/2015) ആയി ടി ചട്ടങ്ങളിലെ അപ്പെൻഡിക്സ്-I, അപ്പെൻഡിക്സ്-II, ഫോം -I - B എന്നിവയിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ ചട്ടം (3)-ൽ പ്രതിപാദിക്കുന്ന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയത് പരിഗണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചട്ടം (5)-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 383A വകുപ്പ്, അംഗീകൃത ടൗൺ പ്ലാനിംഗ് സ്കീമുകൾ, ഏൻഷ്യന്റ് മോണുമെന്റ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട്, കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, തീരദേശ മേഖലാ നിയന്ത്രണങ്ങൾ, മറ്റ് നിയമങ്ങൾ, അവയ്ക്ക് കീഴിലുള്ള ചട്ടങ്ങൾ, ബൈലോകൾ, നോട്ടിഫിക്കേഷനുകൾ എന്നിവയ്ക്കൊപ്പം; ടി കേരളാ മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ അപ്പെൻഡിക്സ്-II-ൽ പ്രതിപാദിക്കുന്ന സുരക്ഷാ (സേഫ്റ്റി & സെക്യൂരിറ്റി) വ്യവസ്ഥകളും (കെ.എം.ബി.ആർ. സംബന്ധിച്ച) പാലിച്ചിരിക്കേണ്ടതായുണ്ട്. ക്രമവൽക്കരിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ടി ചട്ടങ്ങളിലെ അപ്പെൻഡിക്സ് I പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതും, ചട്ടങ്ങൾ പ്രകാരമുള്ള വിവിധ വകുപ്പുകൾ/ഏജൻസികളിൽ നിന്നുള്ള ക്ലിയറൻസുകൾ വാങ്ങേണ്ടതുമുണ്ട്. |
| (ഡി) | നഗരങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്താതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ നൽകുമോ? | (ഡി) | അനധികൃത നിർമ്മാണങ്ങൾ ക്കെതിരെ സ്വീകരിക്കേണ്ട നടപടികളും, വ്യവസ്ഥകളും കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17, 18, 19, 157, 159 എന്നിവയിൽ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ, കേരളാ മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ, 2015-ലെ വ്യവസ്ഥകൾ പ്രകാരം ക്രമവൽക്കരിക്കാത്ത അനധികൃത കെട്ടിടങ്ങൾ ക്കെതിരെ സ്വീകരിക്കേണ്ട നടപടി ടി ചട്ടങ്ങളിലെ ചട്ടം (6)-ലും പ്രതിപാദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) തസ്തികയും, ടൗൺ പ്ലാനിംഗ് വിജിലൻസ് സംവിധാനവും സർക്കാർ ഒരുക്കിയിട്ടുണ്ട്.<br>അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തി ഉടനടി നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു ജില്ലാതല വിജിലൻസ് സ്ക്വാഡ് ചട്ടം 157 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ അനുമതിക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കുന്ന പ്ലാനുകൾ വിശദമായി പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും, ടൗൺ പ്ലാനിംഗ് സ്കീമുകൾക്കും, മറ്റു നിയമങ്ങൾക്കും അനുസൃതമാണെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തുന്നു. അംഗീകരിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ച് ഗുരുതരമായ ചട്ടലംഘനത്തോടെ നിർമ്മിക്കുന്ന കെട്ടിടങ്ങൾ ക്കെതിരെ ചട്ടങ്ങളിൽ അനുശാസിക്കുന്ന കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നു. ചട്ടലംഘനത്തോടുകൂടിയും, സ്ഥലപരിശോധന നടത്താതെയും പ്ലാൻ സമർപ്പിക്കുന്ന ലൈസൻസിക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിലൂടെ ഒരു പരിധിവരെ അനധികൃത നിർമ്മാണം തടയുവാൻ സാധിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ നടപടികളും മിന്നൽ പരിശോധനകളും അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്ന കെട്ടിട നിർമ്മാണങ്ങളിലെ പരിശോധനകളിൽ അംഗീകൃത പ്ലാൻ നിയമാനുസൃതമാണോ എന്നും അംഗീകൃത പ്ലാനുകളിൽ നിന്ന് വ്യതിചലിച്ച് ചട്ടലംഘനത്തോടു കൂടിയാണോ നിർമ്മാണം പുരോഗമിക്കുന്നത് എന്നും പരിശോധിക്കുന്നുണ്ട്. ഇത്തരത്തിലൂടെയുള്ള നിരന്തര പരിശോധനയിലൂടെ അനധികൃത നിർമ്മാണം നിയന്ത്രിക്കാനും തടയാനും |

| | | | |
|---|---|---|---|
| | | | സാധ്യമാണ്.<br>നഗരസഭകളിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മുഖേന അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിച്ച് ഇവർക്ക് എതിരെ 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 406-)ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നു. അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുവാൻ അവധി ദിവസങ്ങളിൽ ഉൾപ്പെടെ ഉദ്യോഗസ്ഥരെ നിയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്